*"ഭരണഭാഷ- മാതൃഭാഷ"*

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
വയനാട്, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്.
E-mail- ddpwayanad@gmail.com
Phone - 04936 202634

എ 7-7418/16 തീയതി-07.05.2018.

## ക്വട്ടേഷൻ നോട്ടീസ്

വയനാട് ജില്ലയിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ പ്രതിമാസ വാടകയടിസ്ഥാനത്തിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നതിനും അതോടൊപ്പം കുടിവെള്ള വിതരണം മോണിറ്റർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും സംവിധാനം ഒരുക്കുന്നതിനും തയ്യാറുള്ളവരും ഇക്കാര്യത്തിൽ സർക്കാർ അംഗീകാരവും പരിചയവുമുള്ളവരുമായ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സീൽ ചെയ്ത കവറുകളിൽ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷനുകൾ 14.05.2018 ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് മുൻപായി വയനാട് സിവിൽ സ്റ്റേഷനിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ലഭിക്കേണ്ടതും അന്നേ ദിവസം 3PM-ന് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്നുപരിശോധിക്കുന്നതുമായിരിക്കും. ഏതെങ്കിലും കാരണവശാൽ അന്നേ ദിവസം അവധിയാകുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**ക്വട്ടേഷനുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും**

1. ഒരു വാഹനത്തിൽ സംവിധാനം ഒരുക്കിക്കൊടുക്കുന്നതിനുള്ള നിരക്കായിരിക്കും ക്വട്ടേഷനിൽ കാണിക്കേണ്ടത്.
2. ജില്ലാ ഓഫീസിലും ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും വാഹനങ്ങളുടെ നീക്കവും മറ്റും മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഇതോടൊപ്പം തന്നെ ക്വട്ടേഷൻ ലഭിക്കുന്ന സ്ഥാപനം/വ്യക്തി ഏർപ്പെടുത്തേണ്ടതാണ്.
3. അംഗീകരിക്കുന്ന ക്വട്ടേഷനുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നതും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ ആവശ്യത്തിനനുസൃതമായി ആ ഗ്രാമപഞ്ചായത്തുകളുമായി കരാർ വയ്ക്കേണ്ടതും കരാർ തുക ഗ്രാമപഞ്ചായത്തുകളിൽ നിന്നും കൈപ്പറ്റേണ്ടതുമാണ്.

4. ജി.പി.എസ് സംവിധാനം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അംഗീകാരപത്രം, ഈ രംഗത്തെ പരിചയം സംബന്ധിച്ച രേഖകൾ എന്നിവ ക്വട്ടേഷനോടൊപ്പം സമർപ്പിക്കാവുന്നതാണ്.
5. ഈ പദ്ധതി സംബന്ധിച്ച് നിലവിലുള്ളതും വരാവുന്നതുമായ സർക്കാർ ഉത്തരവുകളും നിയമങ്ങളും പാലിയ്ക്കുന്നതിന് ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനം/വ്യക്തി ബാധ്യസ്ഥമായിരിക്കുന്നതാണ്.
6. ഇക്കാര്യം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ വയനാട് സിവിൽ സ്റ്റേഷനിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് പ്രവൃത്തി സമയത്ത് ലഭിക്കുന്നതാണ്.

(ഒപ്പ്)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
വയനാട്.